# പത്രക്കുറിപ്പ്

തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ഥലങ്ങളിലെ ശ്രീബാലസുബ്രഹ്മണ്യ ക്ഷേത്രങ്ങളിൽ നടക്കുന്ന തൈപ്പൂയ കാവടി ഘോഷയാത്രയോടനുബന്ധിച്ച് **31.01.2018** തീയതി രാവിലെ **06.00** മണിമുതൽ ഉച്ചയ്ക്ക് **01.00** മണിവരെ തിരുവനന്തപുരം നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

ഉള്ളൂർ ശ്രീബാലസുബ്രഹ്മണ്യ ക്ഷേത്രത്തിലെ കാവടി ഘോഷയാത്ര ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ കുന്നുകുഴി - ഗൗരീശപട്ടം - പൊട്ടക്കുഴി - കോസ്മോ - മുറിഞ്ഞപാലം - മെഡിക്കൽ കോളേജ് - ഇളംകുളം - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിലൂടെ വാഹനങ്ങൾ കടത്തി വിടുന്നതല്ല. യാത്രക്കാർ ടി റോഡിലൂടെയുള്ള യാത്ര ഒഴിവാക്കി പി.എം.ജി - പട്ടം - ചാലക്കുഴി - കേശവദാസപുരം വഴിയോ, പി.എം.ജി - ലോ കോളേജ് - കണ്ണമ്മൂല - കുമാരപുരം വഴിയോ പോകേണ്ടതാണ്.

അന്നേദിവസം തിരുവനന്തപുരം നഗരത്തിൽ കഴക്കൂട്ടത്തു നിന്നും കെ.എസ്.ആർ.ടി.സി ബസ് ഉൾപ്പടെയുള്ള ഹെവി വാഹനങ്ങൾക്ക് ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

കാവടി ഘോഷയാത്ര കടന്നുപോകുന്ന പൊട്ടക്കുഴി - കോസ്മോ - മുറിഞ്ഞപാലം മെഡിക്കൽ കോളേജ് - ഇളംകുളം - ഉള്ളൂർ റോഡുകളിൽ വാഹനങ്ങൾ റോഡിന് സമാന്തരമായോ, ഗതാഗത തടസം ഉണ്ടാക്കുന്ന രീതിയിലോ, മറ്റു വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്കു ചെയ്യുവാൻ പാടുള്ളതല്ല.

കൂടാതെ ചാക്ക, ചാക്ക ബൈപാസ്, പട്ടം, ശ്രീകാര്യം, ചാവടിമുക്ക്, മൺവിള, കുളത്തൂർ തുടങ്ങിയ സ്ഥലങ്ങളിലും കാവടി ഘോഷയാത്ര കടന്നുപോകുന്ന സമയങ്ങളിൽ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പോകേണ്ട വാഹനങ്ങൾ പട്ടം, ചാലക്കുഴി വഴിയും, ദേശീയപാത വഴി വരുന്നവ വെൺപാലവട്ടത്തു നിന്നും തിരിഞ്ഞ് കിംസ് - കുമാരപുരം വഴി മെഡിക്കൽ കോളേജിൽ പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്

ഫോൺ നമ്പറുകൾ - 0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി